പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : T5868 08.07.2013 - ലെ മറുപടിയ്ക്ക്

# സാമൂഹ്യ സാമ്പത്തിക സർവ്വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി). |
| (എ) സംസ്ഥാന സർക്കാർ നടപ്പാക്കാൻ തീരുമാനിച്ച സാമൂഹ്യ സാമ്പത്തിക സർവ്വേ നിർത്തിവെക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) 27/03/2012 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Ms)No.51/12/SCSTDD പ്രകാരം സാമൂഹിക സാമ്പത്തിക സർവ്വെ നിർത്തിവയ്ക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്ര സർക്കാർ നടത്തുന്ന സാമ്പത്തിക സർവ്വേയിലെ ചോദ്യങ്ങളും സംസ്ഥാനം സർവ്വേക്ക് തയ്യാറാക്കിയിരുന്ന ചോദ്യങ്ങളും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്ന് വിശദമാക്കാമോ: | (ബി) കേന്ദ്ര സർക്കാർ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെടുത്താതിരുന്ന കൈവശഭൂമിയുടെ വിവരങ്ങൾ, കുടിയേറ്റനില, കുടുംബ ചെലവ്, കുടുംബത്തിന്റെ കടബാധ്യത തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾ സംസ്ഥാന സാമൂഹിക സാമ്പത്തിക സർവ്വെയ്ക്കായി തയ്യാറാക്കിയ ചോദ്യാവലിയിൽ അധികമായി ഉൾപ്പെടുത്തിയിരുന്നു. |
| (സി) സംസ്ഥാന സർവ്വേയിൽ ലഭ്യമാകുമായിരുന്ന എല്ലാ വിവരങ്ങളും കേന്ദ്ര സർവ്വേയിൽ ലഭ്യമാകുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ? | (സി) സാമൂഹിക സാമ്പത്തിക ജാതി സെൻസസ് കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ഇന്ത്യ മുഴുവൻ നടത്തിയിട്ടുള്ളതിനാൽ അതിന്റെ ചോദ്യാവലി തയ്യാറാക്കിയത് കേന്ദ്ര സർക്കാരാണ് സർവ്വെ സംസ്ഥാനത്ത് നടപ്പിലാക്കിയത് ഗ്രാമവികസന വകുപ്പാണ്. ഇത് സംബന്ധിച്ചുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് സർവ്വേ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ